# പ്രസന്നകേരളം

# എന്റെ ബാല്യസ്മരണകൾ

(കെ. സി. മാമ്മൻമാപ്പിള)

(മലയാളക്കരയുടെ കഴിഞ്ഞ അരശതാബ്ദക്കാലത്തെ സാമുദായികവും, രാഷ്ട്രീയവും, സാഹിത്യപരവും, സാമ്പത്തികവും, സാംസ്കാരികവുമായ വളർച്ചയുടെ ചരിത്രത്തിൽ മായാത്ത മുദ്രകൾ പതിച്ച ഒരു പ്രധാന ഘടകമാണ് ഏതാണ്ടു [illegible] വർഷങ്ങൾക്കുമുമ്പ് സാഹചര്യവശാൽ രംഗത്തുനിന്നു തിരോധാനം ചെയ്ത മലയാളമനോരമപ്പത്രം എന്നുള്ളത് നിഷ്പക്ഷബുദ്ധികളായ ഏവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. അതിന്റെ സ്ഥാപകനും യശശ്ശരീരനുമായ കണ്ടത്തിൽ വർഗ്ഗീസുമാപ്പിളയുടെ കാലംമുതൽക്കേ ആ മഹാനുഭാവന്റെ ജ്യേഷ്ഠസഹോദരപുത്രനായ ഉപസേനാനിയെന്ന നിലയിലും, പിന്നീട് മനോരമപ്പത്രത്തിന്റെ അന്ത്യനിമിഷംവരെ അതിന്റെ പ്രധാന പത്രാധിപരെന്ന നിലയിലും മററു പല വിധത്തിലും, ഏതാണ്ടു മൂന്നു വ്യാഴവട്ടക്കാലത്തോളം ആധുനികകേരളചരിത്രഗതിയിൽ, അണിയറയിൽനിന്നും, അരങ്ങത്തുനിന്നും അതിപ്രധാനമായ ഒരു ഭാഗം നിർവ്വഹിച്ചശേഷം വിധിവൈപരീത്യത്താൽ ഇപ്പോൾ തിരുവിതാംകൂറിനു വെളിയിൽ സമാധാനപരിലസിതമായ സ്വസ്ഥജീവിതം നയിക്കുന്ന ശ്രീമാൻ കെ. സി. മാമ്മൻമാപ്പിള അവർകളുമായി പത്തുപന്ത്രണ്ടു വർഷക്കാലം പത്രപ്രവർത്തനജീവിതത്തിൽ വളരെ അടുത്തുപെരുമാറുന്നതിനു സന്ദർഭം ലഭിച്ച ഒരു സഹൃദയൻ മുഖേന ലഭിച്ചിട്ടുള്ള ഈ ലേഖനപരമ്പര ഞങ്ങളുടെ വായനക്കാർക്കു സവിശേഷം രസകരമായിരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടെ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. ഇപ്പോൾ ഏതാണ്ട് 72 വയസ്സു പ്രായം കഴിഞ്ഞിരിക്കുന്ന ശ്രീമാൻ മാമ്മൻമാപ്പിളയ്ക്കു് ആരോഗ്യത്തിനു യാതൊരു കുറവുമില്ലെങ്കിലും മുഷിഞ്ഞിരുന്നു തുടർച്ചയായി എന്തെങ്കിലും എഴുതുന്നതു ശ്രമകരമായ ഒരു കായക്ലേശമാണെന്നു് ലേഖനസഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള ഞങ്ങളുടെ നിവേദനത്തിനു മറുപടിയായി അദ്ദേഹം ഞങ്ങളെ അറിയിക്കുകയുണ്ടായി. എങ്കിലും ഇതിലെ ആശയങ്ങൾ മെല്ലറഞ്ഞ പ്രിയശിഷ്യൻ അദ്ദേഹവുമായി പല സന്ദർഭങ്ങളിലായി നടത്തിയിട്ടുള്ള ദീർഘസ്വൈരസംഭാഷണങ്ങളിലെ ആശയങ്ങൾ അപ്പഴപ്പോൾ സമാഹരിച്ചു കുറിച്ചെടുത്തു ലേഖനങ്ങളായി വികസിപ്പിച്ചെഴുതി തയ്യാറാക്കിയിരുന്ന ഈ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു് അനുവദിക്കണമെന്നുള്ള ഞങ്ങളുടെ നിർബന്ധപൂർവ്വകമായ അപേക്ഷയ്ക്കു മനസ്സില്ലാമനസ്സോടെയെങ്കിലും വഴിപ്പെട്ട ആ വിജ്ഞാനവൃദ്ധന്റെ സൗജന്യത്തിനു ഞങ്ങൾ ഹൃദയപൂർവ്വം കൃതജ്ഞരായിരിക്കുന്നു. ഈ ലേഖനപരമ്പരയുടെ ഭാഷാരീതിയും പ്രതിപാദനസമ്പ്രദായവും തന്റേതായി താൻ അഭിമാനിക്കുന്നില്ലെന്നും അതിനുള്ള ഉത്തരവാദിത്വം മുഴുവൻ ലേഖനരചയിതാവായ തന്റെ വത്സലശിഷ്യൻ തന്നെ വഹിക്കുന്നുവെന്നും, എന്നാൽ ഇതു് ആദ്യന്തം താൻ സശ്രദ്ധം വായിച്ചുനോക്കി അനുവദിച്ചതാണെന്നും ശ്രീമാൻ മാമ്മൻമാപ്പിളതന്നെ ഇവിടെ അറിയിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും പ്രസ്താവയോഗ്യമാണ്.)

പത്രാധിപർ, പ്രസന്നകേരളം

എന്റെ ജീവിതച്ചെറുതോണി, തെല്ലിട ശാന്തമായ നീർച്ചാലുകളിലൂടെ ഒഴുകിയും; ഒട്ടുനേരം ചുഴലിയിലും കാറ്റിലും കോളിലുംപെട്ട്, മുങ്ങിയും പൊങ്ങിയും, നീങ്ങിയും തടഞ്ഞും എഴുപത്തിരണ്ടു വർഷത്തെ ദീർഘയാത്ര തുടർന്ന് ഇതാ കരയടുക്കാറായിരിക്കുന്നു. നേരവും മങ്ങിത്തുടങ്ങി. സന്ധ്യാകാശത്തിൽ നീലയും ചുവപ്പും കലർന്ന അന്തിമേഘങ്ങൾ വിനോദനൃത്തം ചെയ്യുന്നു. പകൽ മുഴുവൻ സർവ്വജീവരാശികളെയും കൊടുംവെയിലിൽ ചുട്ടുപഴുപ്പിച്ചു, ഉരുക്കിവരട്ടി, കത്തിക്കാളിനിന്ന സൂര്യന്റെ ഉജ്ജ്വലരശ്മികൾ എരിഞ്ഞടങ്ങി, ചെങ്കനൽപ്രഭ മങ്ങി, പടിഞ്ഞാറെ കടലിൽ ശയിക്കാൻ ഭാവിക്കുന്നു. അന്നത്തെ ഇരതേടി നാനാ ദിക്കുകളിലേക്കും പറന്നുപോയിരുന്ന പക്ഷിഗണങ്ങൾ സന്ധ്യാവേളയിൽ മടങ്ങി അതതിന്റെ കൂടുകളിലേക്കു അതിവേഗത്തിൽ പറന്നെത്തുന്നു. എവിടെയും അലച്ചിലും അരവവും ആർത്തനാദങ്ങളുമൊതുങ്ങി. സ്വപ്നരമണീയമായ ഒരു പ്രശാന്തജീവിതസായാഹ്നത്തെ ഞാൻ കാണുന്നു. ഒരുപക്ഷേ അതെന്റെ തോന്നൽ മാത്രമായിരിക്കാം. എന്തെങ്കിലുമാകട്ടെ. ഏതായാലും പ്രകൃതി അങ്ങനെ ഒരു ദിവസംകൂടെ തള്ളിവിട്ടു. തെളിവും ഉന്മേഷവും ഉയിരും നിറഞ്ഞ ഒരു ദിവസം—കാലേട്ടം—ഇതാ കൺമുമ്പിലൂടെ കടന്നുപോകുന്നു. സന്ധ്യാദേവി പിടർത്തുവിരിച്ച ഇരുൾപുതപ്പിനുള്ളിൽ ലോകം നിദ്രയുടെ വിശ്രാന്തിക്കൊള്ളാൻ ഒരുങ്ങുന്നു. ഉഴലുന്ന ലോകത്തിനു വിശ്രമം ആവശ്യമാണ്. രാത്രി നമുക്കു നിദ്രയും വിശ്രമവുംകൊണ്ടുവന്നു കാഴ്ചവയ്ക്കുന്ന ഒരു നമ്മ സഖിതന്നെ. എന്നാൽ രാത്രിക്കു മണിക്കൂർ പന്ത്രണ്ടു മാത്രമേ പ്രകൃതി അനുവദിച്ചിട്ടുള്ളൂ. അതിലപ്പുറം ഒരു നിമിഷം മുന്നോട്ടു പോകാൻ പാടില്ല. അതു കഴിയുമ്പോൾ നേരം വെളുക്കും. അങ്ങനെ നയനാഭിരാമമായ ഒരു സൂര്യോദയത്തിന്റെ— സുപ്രഭാതത്തിന്റെ— ജന്മഗൃഹമാണ് ഇരുളടഞ്ഞ രാത്രി. നോക്കണം, സന്ധ്യയും പ്രഭാതവേളയും ശീലംകൊണ്ടും കോലംകൊണ്ടും ഇരട്ടപിറന്ന സഹോദരികളല്ലേ? രണ്ടും പരിവർത്തനഘട്ടങ്ങളാണ്. തമ്മിൽ വളരെ സാമ്യം വഹിക്കുന്നു. ഒന്നിനു പിറകെ ഒന്നായി, മാറിമാറി, ജനിച്ചുമരിക്കുകയും, മരിച്ചുജനിക്കുകയും ചെയ്യുന്ന രാവും പകലും മനുഷ്യജീവിതത്തോടു ഘടിപ്പിച്ചുനോക്കുമ്പോൾ അന്തർമുഖമായും ബഹിർമുഖമായും ധാരാളം തത്വചിന്തയ്ക്കു വക നല്കുന്ന ഒരു ഗഹനവിഷയമാണ്. അതിരിക്കട്ടെ. ലോകത്തിന്റെ ശൈശവത്തിലും പുരോഗതിയിലും ഇരുട്ടു കോരിയിട്ടുന്ന കാളരാത്രികളുണ്ടല്ലോ ഒരറ്റത്തു. ശുഭോദർക്കമായ ആ പുണ്യപുലർകാലം കൈവരുമ്പോൾ, പൂർവ്വാദ്രിയുടെ മുഖത്തു വെണ്മ വീശും. നാലുദിക്കുകളും മന്ദഹസിക്കും. പുലർകാലമായെന്നു പൂങ്കോഴികളും കാട്ടുകുയിലുകളും ഉച്ചത്തിൽ വിളംബരം ചെയ്യും. ബാലാർക്കന്റെ തങ്കരശ്മികളിൽ ലോകം ആറാടിയാനന്ദിക്കും. അനുപമമായ ഒരു നവോന്മേഷവും നവചൈതന്യവും ലോകത്തെ അനുഗ്രഹിക്കും. ചെടികൾ പച്ചത്തഴപ്പണിഞ്ഞു് തളിർക്കും. പൂമൊട്ടുകൾ വിടരും. പുഷ്പങ്ങൾ കുളിർകാറ്റിൽ മണം പരത്തും. പക്ഷികൾ പാടും. മനുഷ്യർ മനുഷ്യരായി ജീവിക്കും. സർവ്വലോകസാഹോദര്യത്തിന്റെയും നിറവെള്ളിക്കതിരുകളിൽനിന്നു പൊഴിയുന്ന പ്രഭാകന്ദളങ്ങൾ, അതാ, അനതിദൂരമായ ഭാവിചക്രവാളത്തിൽ എനിക്കു കാണാൻ കഴിയും.

ഇന്നും ഇന്നലെയുമല്ല; കുറെ വർഷങ്ങളായി എന്റെ ജീവിതസ്മരണകളെഴുതണമെന്നു പല സുഹൃത്തുക്കളും നിർബന്ധിക്കാൻ തുടങ്ങിയിട്ട്. പരമാർത്ഥത്തിൽ ഞാൻ ഇങ്ങനെയൊരു സാഹസത്തിനൊരുമ്പെടുമെന്നു ഈ നിമിഷംവരെ ഞാൻ സ്വപ്നേപി കരുതിയിരുന്നതല്ല. എന്റെ നിസ്സാരജീവിതത്തിൽ എനിക്കല്ലാതെ ഇതരന്മാർക്കു സ്മരണീയമായി എന്തെങ്കിലുമുണ്ടെന്നു ഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ല. വിചാരിക്കുന്നുമില്ല. നേരേമറിച്ചു വിസ്മരണീയങ്ങളായ പല അനുഭവചിത്രങ്ങളും എന്റെ ജീവിതപഥത്തിൽ വഴിവിലങ്ങനെ നിഴൽ വീശാനിടയായിട്ടുണ്ട്. അവയിൽ ഒട്ടുമുക്കാലും ഓരോ സന്ദർഭവശാൽ ബഹുജനങ്ങൾ അറിഞ്ഞിട്ടുള്ളവയുമാണ്. അനുഭവസംഭവങ്ങളുടെ ഗുണദോഷങ്ങളെയോ വലുപ്പച്ചെറുപ്പങ്ങളെയോ മുൻനിറുത്തിയല്ല അവ വിസ്മൃതിയിൽ വിലയിച്ചുകൊള്ളട്ടെ എന്നു ഞാൻ സങ്കല്പിച്ചിരുന്നതു്. ലോകത്തിലോകങ്ങളുടെ ആത്യന്തികമായ ഗുരുലഘുത്വപരിഗ

(ശേഷം പന്ത്രണ്ടാംപേജിൽ)

## വിഷയവിവരം.

എന്റെ ബാല്യസ്മരണകൾ
—കെ. സി. മാമ്മൻമാപ്പിള
കാക്കത്തമ്പുരാട്ടി (ചെറുകഥ)
—വി. സി. ചാക്കോ എം. എ.
കർഷകസംഘം—
ഇ. എം. എസ്. നമ്പൂതിരിപ്പാട്
ഇതാണ് എന്റെദയ (ചെറുകഥ)
—മുട്ടത്തു വർക്കി ബി. എ.
ചീനഭാഷ
—വക്കം രാമകൃഷ്ണൻ
ജംബൈൽ
—ചിത്രഭാനു നമ്പൂതിരിപ്പാട്
തിരുവനന്തപുരം ജാഥ
—ഗോപി

പ്രസന്നകേരളം
19—5—'46
പുസ്തകം 18 ലക്കം 3
വില രണ്ടണ

# സിനിമാ

## ദോസ്ത്

(ഹിന്ദി)

മോട്ടിലാലും, നൂർജിഹാനും, മായാബാനർജിയും ഉണ്ടെന്നുകേട്ടു. ഹിന്ദി ചിത്രമാണെന്താനും. തമിഴ് ചിത്രംപോലെ മുഷിപ്പനായിരിക്കയില്ല. സിനിമാ കഴിഞ്ഞു ഒന്നു മയങ്ങാൻ സമയം കിട്ടും. ഒന്നു പോയാലെന്താ, എന്നായി എന്റെ സ്നേഹിതൻ. ഞാൻ സമ്മതിച്ചു, അങ്ങനെ തീയേറ്ററിൽ ചെന്നുകയറി.

ആദ്യഭാഗങ്ങളിലെ ഫോട്ടോഗ്രാഫിക് വേലത്തരങ്ങൾ അസൽ എന്നുതന്നെ പറയാം. മോട്ടിലാലിന്റെ അഭിനയത്തെപ്പററി പ്രത്യേകിച്ചു പറയേണ്ടതില്ല. നൂർജഹാൻ ജോറായി പാടുന്നു. അവൾ യഥാർത്ഥത്തിൽ കുയിൽതന്നെ. മുംടാസിന്റെ വേഷമെടുത്തിരിക്കുന്നയാൾ ജിന്നായുടെ മൂത്ത മകനെപ്പോലെയിരിക്കുന്നു. എന്നാൽ അയാളുടെ "മദ്യപാനം" പ്രശംസനീയമായിരിക്കുന്നു. കള്ളുകുടിച്ചിട്ടുള്ളവർക്ക് അനുഭവവേദ്യമായിരിക്കും ആ ഭാഗം. തമിഴ് സിനിമായിലെ കള്ളുകുടിയനെ ഈ അവസരത്തിൽ ഓർമ്മിച്ചുപോകരുതേ! ഒരു തുടം ഉള്ളിലാകുന്നതിനു മുമ്പ് പിടലിയുടെ വിജാവിരി പറിഞ്ഞുപോയ മാതിരി ഒരു കുഴച്ചിൽ കാട്ടുന്നതല്ല അഭിനയം. കെ. പി. കേശവന്റെ "കള്ളുകുടി"യാണ് തമിഴിലെ ഏററവും നല്ല സാമ്പിൾ. മുംടാസിന്റെ കുടി ഒന്നു കാണേണ്ട കുടിയാണ്.

ഡാക്ടരുടെ ഭൃത്യൻ തരക്കേടില്ല. മരം വെട്ടിയിട്ടതുപോലെ വീഴാനും ഈച്ചയെ ആട്ടിക്കളയുന്നതിനു കസേര ആയുധമാക്കാനും തക്ക മായത്തരം അയാൾക്കുണ്ട്. ആൾ സാക്ഷാൽ മായൻ തന്നെ. പെൺകൊടികളെ കാണുമ്പോൾ അയാൾക്കുമുണ്ട് ഉള്ളിലൊരു കിടുകിടുപ്പ്. പാവം ആ കുളിമൺതലയനേയും കാമദേവൻ കറക്കിക്കളഞ്ഞു.

ചിരിക്കുമ്പോൾ ചുണ്ടുകൾ ത്രികോണാകൃതിയിലാകുന്ന ഒരുത്തി സിഗററു വലിക്കുന്നു. പട്ടാളസേവനത്തിനു പോയി മടങ്ങുന്ന പെൺകിടാങ്ങളുടെ കൈയിൽ സിഗററു കാണുന്നുവെന്നു് ഈയിടെ ഒരു പുരോഹിതൻ ഖേദം പ്രകടിപ്പിച്ചതു് ഈ പെണ്ണ് അറിഞ്ഞില്ലായിരിക്കും. വേറൊരു രംഗത്തിൽ ഒരുത്തി മദ്യം സേവിക്കുന്നു. അവൾക്കും ലഹരികൂടാതെ കഴിയുകയില്ലായിരിക്കും. ആയിക്കൊള്ളട്ടെ.

നൂർജഹാനെ ദേഹോപദ്രവമേൽപ്പിക്കുന്ന രംഗം എന്റെ സ്നേഹിതനെയാണ് കൂടുതൽ വേദനിപ്പിച്ചതു്. അവളെ മുറിയിലടച്ചു കയർകൊണ്ടുവരിഞ്ഞുകെട്ടി ചുററുപാടും തീകൊടുത്തപ്പോൾ അദ്ദേഹത്തിന്റെ ഹൃദയമാണ വെന്തതു്.

ഈ സിനിമായിലെ പോലീസ് ഉദ്യോഗസ്ഥന്മാരെ കോൺഗ്രസ് വാളണ്ടിയറന്മാരാക്കാം. അത്ര്യ്ക്കു അക്രമരഹിതമായ ഒരു മുഖഭാവമാണവർക്ക്.

കഥയൊരു കടങ്കഥയാണെങ്കിലും ഡയറക്ഷൻ കൊള്ളാം. ഫോട്ടോഗ്രാഫിയും സംഗീതവും തകർത്തിരിക്കുന്നു. തമിഴ് ഡയറക്ടറന്മാരുടെ വികൃതികൾക്കും സ്ഥലമനുവദിച്ചുകൊടുത്ത "വെള്ളിത്തിര" ഈ നല്ല ചിത്രങ്ങൾ അണിയുമ്പോൾ പുളകം കൊണ്ടുപോകുന്നെങ്കിൽ അതൊരത്ഭുതമല്ല. മുടക്കിയ പണം ഒരിക്കലും നഷ്ടമാവുകയില്ല. "ദോസ്ത്" ഹിന്ദിയറിയാത്തവരേയും രസിപ്പിക്കും.

## റയോറീററാ

(ഇംഗ്ലീഷ്)

അർഞ്ചാംകാല പ്രവർത്തനവും, പ്രണയവും, ഫലിതവും എല്ലാംകൂടി കൂട്ടിക്കുഴച്ചു് മെട്രോ ഗോൾഡ്വിൻ മയേഴ്സ് കമ്പനിക്കാർ നിർമ്മിച്ച ഒരു ഇംഗ്ലീഷ് ചരിത്രമാണ് റയോറീററാ. അമേരിക്കൻ പടത്തിന്റെ രംഗവിധാനങ്ങൾ കാണുമ്പോഴാണ് തമിഴ് സിനിമായിലെ ചാണകം തേച്ച ഭിത്തികളുടെ വൃത്തികേടു മനസ്സിലാവുന്നതു്. രണ്ടും രണ്ടു സംസ്കാരമാണെന്നു കരുതി സമാധാനപ്പെടാം.

എന്റെ പൊന്നുചെങ്ങാതി സഹിക്കാൻ വയ്യാത്ത ഒരു നൃത്തം കാണാം ഈ ചിത്രത്തിൽ തീരെ വൃത്തിയില്ലാത്ത ഭാഗം മാത്രം ഒരു കരിന്തുണികൊണ്ടു് മൂടി മററുള്ള ഭാഗമെല്ലാം പുറമ്പോക്കാക്കി ഒരുത്തി നിന്നു് തുള്ളുന്നു, കുണുങ്ങുന്നു, പാടുന്നു, ഇനിയാക്കാക്ക് അതു പററുന്നതല്ല.

രസികൻ ഫലിതം കാണണമെങ്കിൽ റയോറീററായിലെ ചില ഭാഗങ്ങൾ കാണണം! പൊണ്ടാട്ടി ഉലക്കയെടുത്തു്! ആമ്പടയാന്റെ വയററിൽ കുത്തിയാൽ തമിഴക്ക് ഫലിതമായി കരഞ്ഞിക്കൊണ്ടിരിക്കുന്ന കാറിനോടൊത്തു കറങ്ങുന്ന ഒരു മനുഷ്യൻ അനുഭവിക്കുന്ന യാതനകളും ഒരു അലക്കുയന്ത്രത്തിൽ പെട്ട് സർവാംഗം സോപ്പുപത നിറഞ്ഞു് അയാൾ തന്നെ കഷ്ടപ്പെടുന്നതും കണ്ടാൽ ചിരിച്ചു തലതല്ലിപ്പോകും.

ആളുകളെ ഇളക്കിമതിക്കുന്ന രംഗങ്ങൾ ഇതിൽ ധാരാളമുണ്ട്. ചിത്രം അൽപസമയം കൊണ്ടു തീരും. ഒരു നല്ല ചെറുകഥ വായിച്ച സുഖത്തോടെ വീട്ടിലേക്കു മടങ്ങുകയും ചെയ്യാം.

## സിനിമാ

എന്റെ ഡയറി

ബേബി സരോജത്തിനു് ഇപ്പോൾ പതിനഞ്ചുവയസ്സുകാണും. കന്യകയാണ്. കാമധേനു എന്ന ചിത്രത്തിൽ അഭിനയിച്ചതിനു ശേഷം സ്വസ്ഥമായി വിശ്രമിക്കുന്നു.

"ഭക്തചേത"യിലെ ജി. സുബ്ബലക്ഷ്മി ഇപ്പോൾ പാട്ടുകച്ചേരിക്കാരിയാണ്.

"മിന്നൽക്കൊടി"യിലെ പി. എസ്. ശ്രീനിവാസറാവു പട്ടാളത്തിൽ ചേർന്നു.

ശാന്താ ആപ്റ്റേ ഒരു മറാത്തി സ്ത്രീയാണ്. ഇരുപത്തഞ്ചുവയസ്സുകാണും (അതൊരു പതിനഞ്ചുവർഷംമുമ്പായിരുന്നു. പ. പ്ര.) ആരും ഇതുവരെ വിവാഹം കഴിച്ചിട്ടില്ല.

കണ്ണാംബ ഒഴികെയുള്ള സിനിമാതാരങ്ങൾ അവരുടെ റേററ് ഒന്നിനൊന്നു വർദ്ധിപ്പിക്കുന്നു. കണ്ണാംബയ്ക്കുമാത്രം അന്നും ഇന്നും ഒരേ റേററാണ്. അതു കുറയാനും പാടില്ല.

വൈ. വി. റാവുവും, കുമാരി രുഗ്മിണിയും ചേർന്ന് ഒരു ഹിന്ദിചിത്രം നിർമ്മിക്കാൻ ആലോചിക്കുന്നു.

"ഉദയനവാസവദത്ത" "നാടിറാണി" എന്നീ ചിത്രങ്ങളിൽ അഭിനയിച്ച വസുന്ധരയ്ക്കു് ഒരു മകളുണ്ട്. ആ കുട്ടിയുടെ അരങ്ങേററം ആഡംബരപൂർവം കൊണ്ടാടുവാൻ ഭക്ഷ്യനിയന്ത്രണം മൂലം സാധിച്ചില്ല.

അശോക്കുമാർ വിവാഹിതനാണ്

സിനിമാ ലോകത്തിലേക്കു വരുന്നതിനുമുമ്പ് എൻ. എസ്. കൃഷ്ണൻ നാഗർകോവിലിൽ ഒരു സോഡാക്കളർ വാടക്കാരനായിരുന്നു.

സ്വർഗ്ഗസീമയിലെ ഭാനുമതി വിവാഹിതയാണ്. അവൾ ജ്ഞാനസൗന്ദരി എന്ന തമിഴ് ചിത്രത്തിൽ അഭിനയിക്കുവാൻ പോകുന്നു.

ഹിന്ദിസിനിമാ നടിയായ നാർഗീസ് പ്രണയത്തിന്റെ പേരിൽ ആത്മഹത്യയ്ക്കു ശ്രമിച്ചു.

സ്റ്റേററു് എക്സ്പ്രസ്സ് സിഗററുമാത്രമേ ഉപയോഗിക്കു എന്നു നിർബന്ധമുണ്ടായിരുന്ന മോട്ടിലാലിനു യുദ്ധപരിതസ്ഥിതി മൂലം ആ നിർബന്ധം ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നു.

നേതാജിയുടെ ജീവിതത്തെ പുരസ്കരിച്ചു് മി. കെ. എം. മുൻഷി എഴുതിയിരിക്കുന്നതായി അറിവു കിട്ടിയിരിക്കുന്ന "ജയ് സ്വദേശി" എന്ന സിനിമാ കഥ ഇംഗ്ലീഷിലും എടുക്കുവാൻ ആലോചിക്കുന്നു.

ഒരു ചിത്രംകണ്ടാൽ കാണികൾക്കുണ്ടാകുന്ന വികാരങ്ങളെ റിക്കാർഡുചെയ്യുന്നിരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു. (അതു് ഇന്ത്യയിലേക്കു കടത്തിയാൽ തമിഴ് ഡയറക്റ്ററന്മാർ പണിമുടക്കും. പ. പ്ര)

നൃത്ത വിദഗ്ധനായ രാമഗോപാൽ ഭാരതീയനൃത്തങ്ങൾ ചേർത്തു് ഒരു ചിത്രം ഹോളിവുഡിൽ നിർമ്മിക്കുവാൻ ആലോചിക്കുന്നു.


## 4 പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പുരോഗമനസാഹിത്യം എന്തിന്? (ഹരീന്ദ്രനാഥൻ, പോൾ, മുണ്ടശ്ശേരി, ജി, ഗുപ്തൻനായർ മുതലായവർ.) | 1 10 |
| 2. അനശ്വരതയിലേയ്ക്കുള്ള ക്ഷണം. (അഹമ്മദ് അബ്ബാസ് എഴുതിയ Imvitation o immortality എന്ന നാടകത്തിന്റെ പരിഭാഷ.) വിവർത്തകൻ വി.വി വർക്കി എം.എ. | 0 12 0 |
| 3. നിവേദനം. (പൊൻകുന്നം വർക്കിയുടെ 8 കഥകൾ.) | 1 8 0 |
| 4. തകഴിയുടെ കഥകൾ. | 1 4 0 |

നാഷനൽ ബുക്ക്സ്റ്റാൾ,
കളരിക്കൽബസാർ,
കോട്ടയം.

